# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 മാർച്ച് 25

# വാർത്താക്കുറിപ്പ്

**അപേക്ഷ തീയതി നീട്ടി**

ഒന്ന്, മൂന്ന്, നാല് സെമസ്റ്റർ എൽ.എൽ.ബി. പരീക്ഷകൾക്ക് 500 രൂപ പിഴയോടെ മാർച്ച് 27 വരെയും 1000 രൂപ സൂപ്പർഫൈനോടെ 29 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ./39/577/2019)

**എം.ബി.എ. ഓഫ് കാമ്പസ് സ്പെഷൽ മേഴ്സി ചാൻസ് പരീക്ഷ**

2018 സെപ്റ്റംബർ 25ന് നടത്തിയ എം.ബി.എ. ഓഫ് കാമ്പസ് മെയ് 2018 പരീക്ഷയുടെ വൈവാവോസി/പ്രോജക്ട്, കോംപ്രിഹെൻസിവ് വൈവാവോസി പ്രാക്ടിക്കലിന് പങ്കെടുക്കാൻ സാധിക്കാതിരുന്ന വിദ്യാർഥികൾക്കുള്ള സ്പെഷൽ മേഴ്സി ചാൻസ് പരീക്ഷ ഏപ്രിൽ മൂന്ന്, നാല് തീയതികളിൽ മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിൽ നടക്കും. മൂല്യനിർണയത്തിനുള്ള പ്രോജക്ട് അന്നേദിവസം സമർപ്പിക്കണം. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/578/2019)

**എം.ഫിൽ സംവരണ സീറ്റൊഴിവ്**

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിൽ 2018 അഡ്മിഷൻ എം.ഫിൽ കോഴ്സിൽ എസ്.സി. വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. യോഗ്യരായവർ സർട്ടിഫിക്കറ്റുകളുമായി മാർച്ച് 27ന് രാവിലെ 9.30ന് നേരിട്ട് ഹാജരാകണം. വിശദവിവരത്തിന് ഫോൺ: 0481-2732288.

(പി.ആർ.ഒ./39/579/2019)

**എം.ഫിൽ റാങ്ക് ലിസ്റ്റ്**

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ 2018-19 വർഷത്തിൽ എം.ഫിൽ എജ്യൂക്കേഷൻ പ്രോഗ്രാമിന്റെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. യോഗ്യരായവർ അസൽ സർട്ടിഫിക്കറ്റുകളുമായി മാർച്ച് 27ന് രാവിലെ 10ന് പഠനവകുപ്പിൽ ഹാജരാകണം. ഫോൺ: 0481-2731042.

(പി.ആർ.ഒ./39/580/2019)

**പ്രാക്ടിക്കൽ**

2019 മാർച്ചിൽ നടന്ന ആറാം സെമസ്റ്റർ ബി.എ. മ്യൂസിക് വയലിൻ (സി.ബി.സി.എസ്.എസ്. - 2016 അഡ്മിഷൻ റഗുലർ/2013-2015 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ ഏപ്രിൽ ഒന്ന്, രണ്ട് തീയതികളിൽ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടക്കും.

(പി.ആർ.ഒ./39/581/2019)

2019 ജനവരിയിൽ നടത്തിയ അഫിലിയേറ്റഡ് കോളേജുകളിലെയും ഡിപ്പാർട്ട്മെന്റിലെയും രണ്ടാം സെമസ്റ്റർ എം.എൽ.ഐ.എസ്.സി. (2017 അഡ്മിഷൻ റഗുലർ/2014-2016 അഡ്മിഷൻ റീഅപ്പിയറൻസ്/സപ്ലിമെന്ററി) പ്രൊജക്ട് മൂല്യനിർണയവും ഡിസർട്ടേഷൻ/വൈവാവോസിയും പ്രാക്ടിക്കലും ഏപ്രിൽ എട്ട്, ഒൻപത് തീയതികളിൽ കോട്ടയം സി.പി.എ.എസ്., ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/582/2019)

**വൈവാവോസി**

ആറാം സെമസ്റ്റർ ബി.എ. മലയാളം (സി.ബി.സി.എസ്.എസ്. 2016 അഡ്മിഷൻ റഗുലർ/2013-2015 അഡ്മിഷൻ റീഅപ്പിയറൻസ്) മാർച്ച് 2019 പരീക്ഷയുടെ പ്രോജക്ട്, വൈവാവോസി പരീക്ഷകൾ ഏപ്രിൽ മൂന്ന്, നാല് തീയതികളിൽ വിവിധ കേന്ദ്രത്തിൽ നടക്കും.

(പി.ആർ.ഒ./39/583/2019)

ആറാം സെമസ്റ്റർ ബി.എ. സോഷ്യോളജി (സി.ബി.സി.എസ്.എസ്. 2016 അഡ്മിഷൻ റഗുലർ/2013-2015 അഡ്മിഷൻ റീഅപ്പിയറൻസ്) മാർച്ച് 2019 പരീക്ഷയുടെ പ്രോജക്ട്, വൈവാവോസി പരീക്ഷകൾ മാർച്ച് 30, ഏപ്രിൽ മൂന്ന് തീയതികളിൽ വിവിധ കേന്ദ്രത്തിൽ നടക്കും.

(പി.ആർ.ഒ./39/584/2019)

ആറാം സെമസ്റ്റർ ബി.എസ്‌സി. സൈക്കോളജി (സി.ബി.സി.എസ്.എസ്. - റഗുലർ, സപ്ലിമെന്ററി, ഇംപ്രൂവ്‌മെന്റ്) മാർച്ച് 2019 പരീക്ഷയുടെ പ്രൊജക്ട്/വൈവാവോസി പരീക്ഷ മാർച്ച് 26 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/585/2019)

2019 മാർച്ചിൽ നടന്ന ആറാം സെമസ്റ്റർ ബി.എ. സംസ്കൃതം സ്‌പെഷൽ (സി.ബി.സി.എസ്.എസ്.- റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ പ്രൊജക്ട് മൂല്യനിർണയം ഏപ്രിൽ ഒന്ന്, രണ്ട് തീയതികളിൽ അതത് കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/586/2019)

2019 മാർച്ചിൽ നടന്ന ആറാം സെമസ്റ്റർ ബി.എ. ഇംഗ്ലീഷ്-കോർ/കോംപ്ലിമെന്ററി, മോഡൽ I, II സി.ബി.സി.എസ്. - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ പ്രോജക്ട്, വൈവാവോസി പരീക്ഷകൾ ഏപ്രിൽ ഒന്നു മുതൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/587/2019)

**പരീക്ഷ ഫലം**

2018 മെയിൽ നടന്ന രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എ. മോഡൽ I, II, III (2017 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ എട്ടുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/588/2019)

## 300 വിദ്യാർഥികൾ ആതുരസേവനരംഗത്തേക്ക്

സെന്റർ ഫോർ പ്രൊഫഷണൽ ആന്റ് അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നഴ്‌സിംഗ് എജ്യൂക്കേഷന് കീഴിലുള്ള ആറു നഴ്‌സിംഗ് കോളേജുകളിൽ നിന്നുള്ള 300 വിദ്യാർഥികൾ ആതുരസേവനരംഗത്തേക്ക്. ബി.എസ്‌സി. നഴ്‌സിംഗ് പൂർത്തീകരിച്ച വിദ്യാർഥികളുടെ യാത്രയയപ്പും പ്രതിജ്ഞ ചൊല്ലലും കോട്ടയം കെ.സി. മാമ്മൻ മാപ്പിള ഹാളിൽ നടന്നു.

ആരോഗ്യ സർവകലാശാല പ്രോ വൈസ് ചാൻസലർ ഡോ. എ. നളിനാക്ഷൻ ചടങ്ങ് ഉദ്ഘാടനം ചെയ്തു. സിൻഡിക്കേറ്റംഗം അഡ്വ. പി.കെ. ഹരികുമാർ അധ്യക്ഷത വഹിച്ചു. പ്രൊഫ. എൽ. അബ്ദുൾസലാം റിപ്പോർട്ട് അവതരിപ്പിച്ചു. കേരള നഴ്‌സിംഗ് എജ്യൂക്കേഷൻ ജോയിന്റ് ഡയറക്ടർ ഡോ. ആർ. ലത മുഖ്യ പ്രഭാഷണം നടത്തി. പ്രൊഫ. ആർ. പുഷ്പ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. സീപാസ് ഡയറക്ടർ ഡോ. പി.കെ. പത്മകുമാർ, പ്രൊഫ. കെ. സദാശിവൻ നായർ, പ്രൊഫ. വത്സമ്മ എബ്രഹാം, ഡോ. അബ്ദുൾ വഹാബ് എന്നിവർ പ്രസംഗിച്ചു.

(പി.ആർ.ഒ./39/589/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ